പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 237      26-09-2011 -ൽ മറുപടിക്ക്.

## മദ്യപൻമാരെ ബോധവൽക്കരിക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി: | | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) | 'ഇത്തവണത്തെ ഓണം ലഹരിമുക്തമാക്കുക' എന്ന പരസ്യം സർക്കാർ തന്നെ പത്രങ്ങളിൽ നൽകിയിട്ടും കഴിഞ്ഞ വർഷത്തെക്കാൾ ഇത്തവണ ഓണക്കാലത്ത് 57 കോടി രൂപയുടെ മദ്യം അധികം വിറ്റ സാഹചര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (എ) | 'ഇത്തവണത്തെ ഓണം ലഹരിമുക്തമാക്കുക' എന്ന പരസ്യം പത്രങ്ങളിൽ നൽകിയിരുന്നുവെങ്കിലും, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയതിന്റെ ഫലമായി അംഗീകൃത മദ്യവിൽപനയിൽ വർദ്ധനവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മദ്യപൻമാരെ ബോധവൽക്കരിക്കുന്നതിനുള്ള പദ്ധതികൾക്ക് സർക്കാർ രൂപം നൽകുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ബി) | മദ്യത്തിനും, മയക്കുമരുന്നിനുമെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി, പ്രധാന കവലകളിലും, കമ്മ്യൂണിറ്റി സെന്ററുകളിലും, മാർക്കറ്റുകളിലും ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ, സി.ഡി. പ്രദർശനങ്ങൾ, സ്ലൈഡ്ഷോ, മാജിക് ഷോ എന്നിവ നടത്തി വരുന്നു. നിയോജക മണ്ഡലാടിസ്ഥാനത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ, സ്കൂൾ തലത്തിൽ രൂപീകരിച്ചു വരുന്നു. കൂടാതെ, സെമിനാറുകൾ, പോസ്റ്ററുകൾ, ഉപന്യാസ മത്സരം, ചിത്രരചനാ മത്സരം, വിദഗ്ദ്ധ ഡോക്ടർമാർ കൈകാര്യം ചെയ്യുന്ന ക്ലാസുകൾ എന്നിവ നടത്തി വരുന്നു. ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ, ജില്ലാ ആശുപത്രികളിൽ ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്ന കാര്യം പരിശോധിച്ചു വരികയാണ്. |
| (സി) | ഓരോ ജില്ലയിലും മദ്യമുക്തി ചികിത്സാകേന്ദ്രം ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ഇക്കാര്യം പരിശോധിച്ചു വരികയാണ്. |
| (ഡി) | മൊത്തം എന്ത് തുക ഈ പദ്ധതികൾക്ക് ചെലവിടും; പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഡി) | ഇക്കാര്യം പരിശോധിച്ചു വരുന്നതേയുള്ളൂ. |

സെക്ഷൻ ആഫീസർ